©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2019 ഏപ്രിൽ 11<br>11th April 2019<br>1194 മീനം 28<br>28th Meenam 1194<br>1941 ചൈത്രം 21<br>21st Chaithra 1941 | നമ്പർ<br>No. 953 |

## കേരള സർക്കാർ

നിയമ (ഇ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 12/2019/നിയമം.

*തിരുവനന്തപുരം, 2019 ഏപ്രിൽ 11 / 1194 മീനം 28 / 1941 ചൈത്രം 21.*

**എസ്. ആർ. ഒ. നമ്പർ 284/2019.**—1095-ലെ കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാര്യേജ് ആക്റ്റിലെ (1095-ലെ V) 35-ഉം 36-ഉം വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2006 ജനുവരി 5-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 5/2006/നിയമം പ്രകാരം പുറപ്പെടുവിച്ചതും 2006 ജനുവരി 5-ാം തീയതിയിലെ 22-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 13/2006 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും കേരള സർക്കാർ, താഴെപറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2019.

92/1288/2019/S-11.

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2019-ലെ കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാര്യേജ് ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇതിന് ഇപ്പോഴത്തെ കേരള സംസ്ഥാനത്തിലുൾപ്പെടുന്ന പഴയ കൊച്ചി സംസ്ഥാനത്താകമാനം വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) ''ആക്റ്റ്'' എന്നാൽ 1095-ലെ കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാര്യേജ് ആക്റ്റ് (1095-ലെ V) എന്നർത്ഥമാകുന്നു;

(ബി) ''വകുപ്പ്'' എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(സി) ''ചീഫ് കോർട്ട്'' എന്നാൽ ഒരു ജില്ലാ കോടതി എന്നർത്ഥമാകുന്നു;

(ഡി) ''കക്ഷി'' എന്നാൽ ഉദ്ദിഷ്ട വിവാഹത്തിനായി ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം നോട്ടീസ് നൽകിയ കക്ഷികളിലൊരാൾ എന്നർത്ഥമാകുന്നു;

(ഇ) ''സംസ്ഥാനം'' എന്നാൽ പഴയ കൊച്ചി സംസ്ഥാനം എന്നർത്ഥമാകുന്നു.

3. ഫീസ് നിശ്ചയിക്കൽ.—(1) മാര്യേജ് രജിസ്ട്രാർ താഴെ പറയുന്ന ഫീസ് ഈടാക്കേണ്ടതാണ്.—

| | | രൂപ | പൈസ |
|---|---|---|---|
| (i) | ഉദ്ദിഷ്ട വിവാഹത്തെ സംബന്ധിച്ച ഓരോ നോട്ടീസും കൈപ്പറ്റുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും (ഉദ്ദിഷ്ട വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ നൽകേണ്ടത്) .. | 105 | 00 |
| (ii) | വിവാഹരജിസ്ട്രാർ, വിവാഹ സാക്ഷ്യപത്രം നൽകുന്നതിന് (ഉദ്ദിഷ്ട വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ നൽകേണ്ടത്) .. | 105 | 00 |

| | | |
|---|---|---|
| (iii) വിവാഹ സാക്ഷ്യപത്രം നൽകുന്നതിൽ എതിർപ്പ് അല്ലെങ്കിൽ വിലക്ക് രേഖപ്പെടുത്തുന്നതിന് (എതിർപ്പ് ഉന്നയിക്കുന്ന ആൾ നൽകേണ്ടത്) .. | 105 | 00 |
| (iv) വിവാഹ രജിസ്ട്രാർ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് (വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ നൽകേണ്ടത്) .. | 1050 | 00 |
| (v) ഒരു വിവാഹ രജിസ്റ്റർ ബുക്കിലെയോ ഏതെങ്കിലും സർട്ടിഫിക്കറ്റിലെയോ ഒരു വിവാഹത്തിന്റെ ഉൾക്കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പിന് അല്ലെങ്കിൽ ഒരു സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റിനോ പകർപ്പിനോ .. | 105 | 00 |
| (vi) (iv)-ാം ഉൾക്കുറിപ്പിലെ ഫീസിന് പുറമേ വിവാഹ രജിസ്ട്രാറുടെ ഓഫീസിന് പുറത്തുള്ള ഏതെങ്കിലും സ്ഥലത്ത് വിവാഹം നടത്തുന്നതിന് (വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ നൽകേണ്ടത്) .. | 1050 | 00 |

<u>കുറിപ്പ്</u>:—വിവാഹ രജിസ്ട്രാർക്ക് അങ്ങനെയുള്ള ഫീസിന്റെ പകുതി വിനിയോഗിക്കാവുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ ഫീസിന് പുറമേ യാതൊരു യാത്രാബത്തയ്ക്കും അവകാശവാദം ഉന്നയിക്കുവാൻ പാടുള്ളതല്ല.

| | | |
|---|---|---|
| (vii) രജിസ്റ്റർ ബുക്കുകളുടെയോ സർട്ടിഫിക്കറ്റുകളുടെയോ ഡ്യൂപ്ലിക്കേറ്റുകളുടെയോ പകർപ്പുകൾക്കായി തിരച്ചിൽ നടത്തുന്നതിന് (അപേക്ഷകൻ നൽകേണ്ടത്) | | |
| (എ) ഉൾക്കുറിപ്പ് നടപ്പുവർഷത്തിൽ ഉള്ളതാണെങ്കിൽ .. | 105 | 00 |
| (ബി) ഉൾക്കുറിപ്പ് ഏതെങ്കിലും മുൻ വർഷവുമായി/വർഷങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിൽ (അപ്രകാരമുള്ള ഓരോ വർഷത്തിനും) .. | 105 | 00 |

(2) ഫീസ് വിവാഹ രജിസ്ട്രാർക്ക് നേരിട്ട് നൽകേണ്ടതും രജിസ്റ്റേർഡ് പോസ്റ്റ് വഴി നോട്ടീസ് അയയ്ക്കുന്നിടത്ത് ഫീസ് മണി ഓർഡറായി ഒടുക്കേണ്ടതും ഫീസ് ഒടുക്കിയ ആൾക്ക് പോസ്റ്റ് ഓഫീസിൽനിന്നും നൽകിയ രസീത് നോട്ടീസിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

(3) മാര്യേജ് രജിസ്ട്രാർ ഓരോ ഒടുക്കലിനും ക്രമ നമ്പരോടുകൂടിയ ഒരു രസീത് നൽകേണ്ടതാണ്.

(4) വിവാഹ രജിസ്ട്രാർ ഈ ചട്ടപ്രകാരം ഈടാക്കിയ എല്ലാ ഫീസും സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

4. രജിസ്റ്റർ ബുക്കുകളുടെ വിതരണം.—ജനന മരണ വിവാഹ രജിസ്ട്രാർ ജനറൽ, വിവാഹ രജിസ്ട്രാർമാർക്ക്, അവരവർക്ക് അധികാരിതയുള്ള പ്രദേശങ്ങളിലെ, ഉപയോഗത്തിന് ആവശ്യമായ രജിസ്റ്ററുകൾ വിതരണം ചെയ്യുന്നതിനുള്ള സജ്ജീകരണം ചെയ്യേണ്ടതാണ്.

5. വിവാഹ റിട്ടേണുകളുടെ തയ്യാറാക്കലും സമർപ്പണവും.—(1) ജനന മരണ വിവാഹ രജിസ്ട്രാർ ജനറലിന് വിവാഹ രജിസ്ട്രാർ വിവാഹ സാക്ഷ്യപത്ര പുസ്തകത്തിലെ ഉൾക്കുറിപ്പുകളുടെ ശരിപ്പകർപ്പുകൾ മൂന്ന് മാസത്തെ ഇടവേളകളിൽ ഓരോ വർഷത്തിലും ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളിൽ ഒന്നാം തീയതിയോ അല്ലെങ്കിൽ കഴിയുന്നത്ര വേഗം എത്രയും അടുത്തുള്ള തീയതിയിലോ അയയ്ക്കേണ്ടതാണ്.

(2) ജനന മരണ വിവാഹ രജിസ്ട്രാർ ജനറൽ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന കൈപ്പറ്റിയ വിവാഹ സാക്ഷ്യപത്ര പുസ്തകങ്ങളുടെ ഉൾക്കുറിപ്പുകളുടെ പകർപ്പുകൾ നമ്പറിംഗ് മെഷീൻ കൊണ്ട് തുടർച്ചയായ നമ്പരുകളിട്ട് സൂചിക ആക്കേണ്ടതാണ്. ഓരോ പ്രദേശത്തിനുംവേണ്ടി പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,

*നിയമ സെക്രട്ടറി.*

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1095-ലെ കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാര്യേജ് ആക്റ്റിന്റെ (1095-ലെ V) 35-ഉം 36-ഉം വകുപ്പുകൾ ഫീസ് നിശ്ചയിക്കുന്നതിനും രജിസ്റ്റർ ബുക്കുകളുടെ വിതരണത്തിനും ഈ ആക്റ്റിനുകീഴിൽ പരികർമ്മം ചെയ്യപ്പെടുന്ന വിവാഹ ങ്ങളുടെ റിട്ടേണുകൾ തയ്യാറാക്കുന്നതിനും സമർപ്പിക്കുന്നതിനുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. അതനുസരിച്ച് സർക്കാർ ഈ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Law (E) Department**

NOTIFICATION

G. O. (P) No. 12/2019/Law.

Dated, Thiruvananthapuram, *11th April, 2019* / *28th Meenam, 1194* / *21st Chaithra, 1941.*

**S. R. O. No. 284/2019.**—In exercise of the powers conferred by sections 35 and 36 of the Cochin Christian Civil Marriage Act (V of 1095), and in supersession of the notification issued under G. O. (P) No. 5/2006/Law dated 5th January, 2006 and published as S.R.O. No. 13/2006 in the Kerala Gazette Extraordinary No. 22 dated 5th January, 2006, the Government of Kerala hereby make the following rules, namely:—

RULES

1. *Short title, extent and commencement.*—(1) These rules may be called the Cochin Christian Civil Marriage Rules, 2019.

(2) It extends to the whole of the erstwhile Cochin State that includes in the present State of Kerala.

(3) They shall come into force at once.

2. *Definitions.*—In these rules, unless the context otherwise requires,—

(a) "Act" means the Cochin Christian Civil Marriage Act, 1095 (5 of 1095);

(b) "section" means a section of the Act;

(c) "Chief Court" means a District Court;

(d) "party" means either one of the persons who give notice for intended marriage under section 7 of the Act;

(e) "State" means the erstwhile Cochin State.

3. *Disposal of fees.*—(1) The Marriage Registrar shall realise the following fees.—

| | | *Rs.* | *Ps.* |
|---|---|---|---|
| (i) | For receiving and publishing notice of intended marriage (to be paid by the parties to the intended marriage) .. | 105 | 00 |
| (ii) | For issuing certificate of marriage by Marriage Registrar (to be paid by the parties to the intended marriage) .. | 105 | 00 |
| (iii) | For entering protest against or prohibition of the issue of certificate of marriage (to be paid by the protesting person) : | 105 | 00 |
| (iv) | For registering a marriage by Marriage Registrar (to be paid by the parties to the marriage) .. | 1050 | 00 |
| (v) | For a certified copy of an entry of a marriage in a marriage register book or of any certificate or duplicate or copy of a certificate .. | 105 | 00 |

| | | |
|---|---|---|
| (vi) For solemnizing a marriage at any place outside the office of the Marriage Registrar, in addition to the fee in item (iv) (to be paid by the parties to the marriage.) | .. 1050 | 00 |
| *Note*:—Half of such fee may be appropriated by the Marriage Registrar. No travelling allowance shall, however, be claimed in addition to the above fee. | | |
| (vii) For searching for copies of register books or certificates or duplicates (to be paid by the applicant)— | | |
| (a) if the entry is of the current year | .. 105 | 00 |
| (b) if the entry relates to any previous year/years (for each year) | .. 105 | 00 |

(2) The fees shall be paid directly to the Marriage Registrar and where the notice is sent by registered post, the fee shall be remitted by money order and receipt issued to the remitter by the post office through which the remittance is made shall be enclosed with the notice.

(3) The Marriage Registrar shall give a cash receipt with serial number for every payment.

(4) All fees realised by the Marriage Registrar under Rule 3 shall be remitted into the Government Treasury.

4. *Supply of register books.*—The Registrar General of Births, Deaths and Marriages shall arrange for the supply of registers required for use by Marriage Registrars in their respective areas of jurisdiction.

5. *Preparation and submission of returns of marriages.*—(1) The Marriage Registrar shall send true copies of entries in the marriage certificate book to the Registrar General of Births, Deaths and Marriages at intervals of three months on the 1st day of January, April, July and October in each year, or a nearest date as early as possible.

(2) The Registrar General of Births, Deaths and Marriages shall index the copies of entries in marriage certificate books received through Inspector General of Registration in a bound register, the pages of which are numbered consecutively by numbering machine. Separate area wise registers shall be maintained.

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

**Explanatory Note**

This does not form part of the notification, but is intended to indicate its general purport.)

Sections 35 and 36 of the Cochin Christian Civil Marriage Act, 1095 (V of 1095) empowers the State Government to prescribe the fees and to make rules in regard to the disposal of fees, supply of register books and the preparation and submission of returns of marriages solemnized under the Act. Accordingly, the Government have decided to make rules for this purpose.

The notification is intended to achieve the above object.